(ബി, സി) കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിലും സംസ്ഥാന പൊതു മേഖലയിലും അത്തരം സ്ഥാപനങ്ങളില്ല.

അപ്പാരൽ പാർക്കുകൾ

14 [3419] ശ്രീ. കെ. അച്ചുതൻ:
" അടൂർ പ്രകാശ്:
" ഡി. സുഗതൻ:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അപ്പാരൽ പാർക്കുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇവ എവിടെയെല്ലാം;

(സി) ഇവയിൽ ഏതിന്റെയെല്ലാം പണി പൂർത്തിയായി എന്ന് വ്യക്തമാക്കാമോ;

(ഡി) പണി പൂർത്തിയായവയിൽ എത്ര യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യങ്ങളുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) പണി പൂർത്തിയാക്കിയ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ മുപ്പത് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സൗകര്യങ്ങളുണ്ട്.

പ്രവർത്തനക്ഷമമായ വ്യവസായ പാർക്കുകൾ

15 [3420] ശ്രീ. ബിനോയ് വിശ്വം:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനക്ഷമമായ എത്ര വ്യവസായ പാർക്കുകൾ സംസ്ഥാനത്തുണ്ട്;

(ബി) കിൻഫ്രയുടെ കൈവശമുള്ളതിൽ അടിസ്ഥാന സൗകര്യമൊരുക്കിയ ഭൂമിയുടെ അളവെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൊത്തം എത്ര തുകയുടെ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും വെറുതെ കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ പാർക്കുകളെല്ലാം കിൻഫ്രയുടെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. കിൻഫ്രയുടെ പൂർണ്ണ ഉടമസ്ഥതയിൽ പ്രവർത്തനക്ഷമമായ 9 പാർക്കുകളും കിൻഫ്ര മറ്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത സംരംഭമായി രൂപീകരിച്ചിട്ടുള്ള 3 പാർക്കുകളും ഇപ്പോൾ നിലവിലുണ്ട്.

(ബി) കിൻഫ്രയുടെ കൈവശമുള്ളതും പൂർണ്ണ ഉടമസ്ഥതയിലുള്ളതുമായ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ആകെ 412.35 ഏക്കർ ഭൂമിയുണ്ട്.

(സി) മുകളിൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ 412.35 ഏക്കർ ഭൂമിയിൽ 286.95 ഏക്കർ ഭൂമി ഇനിയും അലോട്ട് ചെയ്യാനായി ബാക്കിയുണ്ട്. പ്രസ്തുത 286.95 ഏക്കർ ഭൂമി അലോട്ട് ചെയ്യുമ്പോൾ ഇതിനായി ഭൂമി ഏറ്റെടുക്കുന്ന വ്യവസായികളിൽ നിന്നും ഭൂമിയുടെ വില, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി ഈടാക്കേണ്ട മൊത്തം തുക നിലവിലുള്ള നിരക്ക് അനുസരിച്ച് ഏകദേശം 4569 ലക്ഷം രൂപ വരും

കിൻഫ്ര പുതുതായി തുടങ്ങുന്ന വ്യവസായ പാർക്കുകൾ

16 [3421] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി കിൻഫ്ര എവിടെയെല്ലാം വ്യവസായ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കിൻഫ്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇവിടെ തുടങ്ങാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ പുഴയ്ക്കലിൽ ജില്ലാ വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിന് നീക്കിവച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പുതുതായി കിൻഫ്ര താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്:

(i) തൃശ്ശൂരിലെ കൊരട്ടിയിലും പത്തനംതിട്ടയിലെ കുന്നംതാനത്തും കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ചെറുകിട വ്യവസായ പാർക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly